بسم الله الرحمن الرحيم

# FRIDAY SERMON /വെള്ളിയാഴ്ച ഖുത്തുബ
## HADHRAT MUHYI-UD-DIN AL-KHALIFATULLAH
## MUNIR AHMAD AZIM
## 12 OCTOBER 2018
## (02 SAFAR 1440 AH)

# "ABANDONING PRAYER".
# നമസ്ക്കാരം കയ്യൊഴിയ്ക്കൽ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **നമസ്ക്കാരം കയ്യൊഴിയ്ക്കൽ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇസ്ലാമിന്റെ ശക്തിയും സമുതുലിതയും കാത്തുസൂക്ഷിക്കുന്നതിന് അല്ലാഹു(ത) അഞ്ച് സ്തംഭങ്ങൾ സ്ഥാപിച്ചിരിക്കുകയാണ്. അതിൽ നമസ്ക്കാരം രണ്ടാമത്തേതാണ്, ശഹാദത്തിന് ശേഷമുള്ളത് (ലാഇലാഹഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി) ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനുമാണെന്ന് സാക്ഷ്യം വഹിക്കുക. അതിന്റെ ഫലമായി, നാം ചെയ്യുന്ന ഓരോ നല്ല പ്രവർത്തിയും നമസ്ക്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. കാരണം ഇതാണ് പ്രധാനപ്പെട്ട പ്രാർത്ഥന. ഇക്കാരണത്താൽ മറ്റു സ്തംഭങ്ങൾപോലും, അതായത് വ്രതാനുഷ്ഠാനം, സക്കാത്ത് കൊടുക്കൽ, ഹജ്ജ് കർമ്മത്തിനായി പോവുക എല്ലാം തന്നെ നമസ്ക്കാരവുമായി ബന്ധിതമാണ്.

അബൂഹുറൈറ(റ) വിവരിക്കുന്നു. നമ്മുടെ പ്രീയ പ്രവാചകൻമുഹമ്മദ്(സ) പറഞ്ഞു. വിധിനാളിൽ അല്ലാഹുവിന്റെ ദാസന്റെ കണക്കെടുക്കുന്ന ഒന്നാമത്തെ പ്രവർത്തി, അവന്റെ നമസ്ക്കാരമാകുന്നു. അതു ക്രമമനുസരിച്ചാണെങ്കിൽ, അവൻ സമ്പന്നനാവുകയും വിജയിക്കുകയും ചെയ്യുന്നതാണ്. അതിൽ അഭാവം ഉണ്ടായാൽ, അവൻ പരാജയപ്പെട്ടു അവൻ നഷ്ടപ്പെട്ടവനായി (തിർമിദി)

നമസ്ക്കാരം, മറ്റൊരുവാക്കിൽ പറഞ്ഞാൽ വിശ്വാസിയുടെ താത്ക്കാലികവും, ശാശ്വതവുമായ വിജയത്തിന്റെ താക്കോലാകുന്നു. നമസ്ക്കാരമില്ലാതെ, അല്ലാഹുവിനെ എത്തിപ്പിടിക്കുവാൻ ഒരാൾക്കും സാധിക്കുകയില്ല.

കാരണം നമസ്ക്കാരം ബന്ധിപ്പിക്കുന്നതാണ്, ബന്ധത്തിന്റെ സത്തയുമാണ്. മനുഷ്യനും സൃഷ്ടാവും തമ്മിൽ ബന്ധിക്കുന്നത് നമസ്ക്കാരത്തിലൂടെയുമാണ്, നമസ്ക്കാരത്തിലൂടെ മനുഷ്യന് ദൈവത്തെ ദർശിക്കുവാൻ സാധിക്കും, ദൈവത്തിന്റെ കണ്ണിലൂടെ! ഇത് ഒരു പരിപാപനമായ സങ്കേതമാണ്. സൃഷ്ടാവും അവന്റെ സൃഷ്ടിയും തമ്മിൽ ബന്ധിക്കാൻ നേരത്തെ നിശ്ചയിച്ച സ്ഥലമാണത്. ദിവസവും അവനുമായി കണ്ട്ു മുട്ടുക എന്നത് അവന്റെ മേൽ നിർബന്ധമായ കടമയാണ്. ഒരു യഥാർത്ഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം തന്റെ പ്രീയനുമായുള്ള പ്രസ്തുത കൂടികാഴ്ച ഒരു ഭാരമേ അല്ല! ചെയ്യാൻ പ്രയാസമുള്ള കാര്യവുമല്ല, മറിച്ച് യഥാർത്ഥമായ ഒരു സന്തോഷമാണ്, തത്ഫലമായി അവൻ വിളയിച്ചെടുക്കുന്നത് സ്വർഗ്ഗമാണ്, അനന്തമായ ദൈവപ്രീതിയാണത്.

മറിച്ച്, നമസ്ക്കാരത്തെ ഒരു വലിയ ഭാരമായി കാണുന്നവൻ, അതു മൂലം നമസ്ക്കാരത്തെ അവഗണിക്കുകയും ചെയ്യുന്നവൻ, അവൻ സത്യത്തിൽ വളരെ വലിയ ദൗർഭാഗ്യവാനാണ്, ഒരു നഷ്ടകാരിയുമാണ്. കാരണം ഈ ആത്മീയ നിധിയുടെ വിലയും നിലയും അവന് നോക്കികാണുവാൻ കഴിയുന്നില്ല. ആത്മീയമായി അവനെ ദൈവത്തിലേക്ക് ഉയർത്തുന്ന ഇതിന്റെ ശക്തി അവൻ തിരിച്ചറിയുന്നില്ല. തന്മൂലം നമസ്ക്കാരത്തെ കയ്യൊഴിയുന്നതു മൂലം, അവന് വളരെ വലിയ ദുരിതം അവനെ പിടികൂടുന്നു. വിശിഷ്യാ മരണാന്തര ജീവിതത്തിൽ! ദൈവീക മാപ്പും ദൈവീക കാരുണ്യവും നേടുന്നതിൽ അവൻ വിജയിക്കുന്നില്ലെങ്കിൽ, അവനെ നരകത്തിന്റെ അടിത്തട്ടിലേക്ക് എറിയപ്പെടുന്നതാണ്.

വിശുദ്ധഖുർആൻ, സ്വർഗ്ഗവാസികൾ നരകവാസികളോടു ചോദിക്കുന്നത് സംബന്ധമായി റിപ്പോർട്ട് ചെയ്യുന്നു (കുറ്റവാളികളോട് അവർ ചോദിക്കും) നിങ്ങളെ നരകാഗ്നിയിൽ പ്രവേശിപ്പിച്ചതെന്താണ്? അവർ പറയും ഞങ്ങൾ നമസ്ക്കരിക്കുന്നവരിൽപ്പെട്ടവരായിരുന്നില്ല (74:43-44)

മനുഷ്യൻ വിചാരിച്ചുകൂട്ടുകയാണ്, എന്നിട്ട് പറയുന്നു അവൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന്, എന്നിട്ടവൻ ചില നല്ല പ്രവർത്തികളും ചെയ്യുന്നു. അങ്ങനെ അവന് ദൈവ പ്രീതിനേടാമെന്ന് കരുതുന്നു. എന്നാൽ കാര്യം അങ്ങനെയല്ല. വിശ്വാസത്തിന് ചില നിബന്ധനകളുണ്ട്, തീർച്ചയായും മനുഷ്യനും അവന്റെ സൃഷ്ടാവും തമ്മിലുള്ള ബന്ധം, ഉണ്ടാകേണ്ടത് ഇങ്ങനെയാണ് അതായത് മനുഷ്യൻ സ്വയം ശക്തമായ നിലയിൽ സൃഷ്ടാവുമായി സ്നേഹബന്ധം സ്ഥാപിക്കണം. അത് നമസ്ക്കാരത്തിലൂടെയാണ്, അതുപോലെ മറ്റു ആരാധനകളിലൂടെയും അതായത് സക്കാത്തു കൊടുക്കുന്നതിലൂടെയും, വ്രതം അനുഷ്ഠിക്കുന്നതിലൂടെയും ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിലൂടെയും, അല്ലാഹുവിനോട് ദുആ ചെയ്യു

ന്നതിലൂടെയും, അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയും, വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലൂടെയും, വിശ്വാസിയുടെ നിത്യജീവിതത്തിലൂടെ ചെയ്യുന്ന ലക്ഷക്കണക്കിന് സൽപ്രവർത്തിയിലൂടെയുമാണ് (അല്ലാഹുവിനോടുള്ള സ്നേഹം നേടുന്നത്)

സ്വർഗവാതിലുകൾ അവർക്കായി ദൈവം തുറക്കപ്പെടുന്നതാണ് എന്ന് കരുതുന്ന ചിലരുമുണ്ട്, അവർ ചെയ്ത ചില ആരാധന മൂലം! എന്നാൽ നമസ്ക്കാരം അവർ നിർവ്വഹിച്ചതുമില്ല. നമസ്ക്കാരം ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണ് എന്ന് കരുതാത്തവർ, അവർ അവരെ തന്നെ കഠിനമായി ചതിക്കുകയാണ് ചെയ്യുന്നത്. അവൻ ഒരു കേംബ്രിഡ്ജ് സ്ക്കൂൾ സർട്ടിഫിക്കേറ്റ് സ്റ്റുഡന്റിനെ പോലെയാണ്. അവന്റെ മിക്ക വിഷയങ്ങളും വളരെ ബുദ്ധിപരമായി തന്നെ പഠിച്ച് എഴുതുകയുണ്ടായി. അവൻ അതിലെ ഓരോ വിഷയത്തിനും 90 മുതൽ 100 വരെ ശതമാനം മാർക്കും നേടി. (ഗ്രേഡ്1) കരസ്ഥമാക്കി എന്നു കരുതുക. എന്നാൽ, അവൻ അവന്റെ പ്രധാനപ്പെട്ട ഒരു വിഷയത്തിൽ ദയനീയമായി പരാജയപ്പെടുന്നു എന്നിരിക്കട്ടെ! ഇംഗ്ലീഷിന് അവന് കിട്ടിയത് (ഗ്രേഡ്9) അവന്റെ സർട്ടിഫിക്കേറ്റിന്റെ മഹത്വം നഷ്ടമായി. പ്രശസ്തമായ ഒരു സ്ഥാപനവും പ്രസ്തുത സർട്ടിഫിക്കേറ്റ് സ്വീകരിക്കില്ല. ഈ സർട്ടിഫിക്കേറ്റ് കൊണ്ട് ഒരു ഫലവും ഉണ്ടാകുന്നില്ല.

മറ്റെല്ലാ വിഷയങ്ങൾക്കും 90 മുതൽ 100 വരെ പോയിന്റുകൾ കിട്ടിയാലും അവൻ കേംബ്രിഡ്ജ് ഹയർ സ്ക്കൂൾ സർട്ടിഫിക്കേറ്റ് സ്കൂളിൽ അഡ്മിഷൻ ലഭിക്കുവാൻ അനുമതിയാവുകയില്ല. കാരണം ഇത് മുസ്ലിംകൾ അല്ലാത്തവർ, തങ്ങളുടെ സ്ഥാപനത്തിൽ നടപ്പിലാക്കിയിരിക്കുന്ന നിയമ വ്യവസ്ഥയാണ്. നോക്കു, പരമോന്നതനായ അല്ലാഹു, ഇവിടെ നിയമം നടപ്പാക്കിയിരിക്കുന്നു. തീർച്ചയായും നിങ്ങൾ മനസ്സിലാക്കണം, നിയമത്തിൽ ഒരു മാറ്റവും വരുത്തുന്നവനല്ല അല്ലാഹു! കാരണം അല്ലാഹു(ത) പരിശുദ്ധഖുർആനിൽ പറയുന്നു. മുമ്പേ നടന്നുവന്ന അല്ലാഹുവിന്റെ സമ്പ്രദായമാണിത്. അല്ലാഹുവിന്റെ സമ്പ്രദായത്തിന് നീ ഒരു മാറ്റവും ഒരിക്കലും കണ്ടെത്തുകയുമില്ല. (48:24) മുമ്പ് കഴിഞ്ഞുപോയവരിൽ നടന്ന അല്ലാഹുവിന്റെ സമ്പ്രദായമാണിത്. അല്ലാഹുവിന്റെ നടപടി ക്രമത്തിന് നീ ഒരു മാറ്റവും ഒരിക്കലും കാണുകയില്ല (33:63)

ഹസ്രത് അനസ് ഇബ്ന് മാലിക്ക്(റ) റിപ്പോർട്ട് ചെയ്യുന്നു. പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു. ആരാണോ, ഞങ്ങൾ നമസ്ക്കരിക്കുന്നതുപോലെ നമസ്ക്കരിക്കുന്നത്., നമ്മുടെ ഖിബ്ലയെ ഖിബ്ലയായി അഭിമുഖീകരിക്കുന്നത്, നാം അറുത്തതിനെ ഭക്ഷിക്കുന്നത്, അവൻ ഒരു മുസ്ലിം ആകുന്നു. അവൻ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും സംരക്ഷണത്തിലായിരിക്കും(മുസ്ലിം)

ഒരു മുസ്ലിം സ്വയം ചോദിക്കേണ്ട ചോദ്യമാണ്, നമസ്ക്കാരം ഉപേക്ഷിക്കുന്ന ഞാൻ ഒരു മുസ്ലിമാണോ എന്ന്?

വിശുദ്ധഖുർആനിൽ പരമോന്നതനായ അല്ലാഹു, നമസ്ക്കാരത്തെ അശ്രദ്ധമായി നിർവ്വഹിക്കുന്നവരെ, ഭീഷണിപ്പെടുത്തിയിരിക്കുന്നതായി നാം വായിക്കുന്നു. തങ്ങളുടെ നമസ്ക്കാരത്തെപ്പറ്റി അശ്രദ്ധരായ നമസ്ക്കാരക്കാർക്ക് നാശം 107:6-7

ഒരാൾക്ക് തന്റെ നമസ്ക്കാരം നഷ്ടമാകുന്നു എന്നിട്ട് അവന്റെ ഹൃദയത്തിൽ പശ്ചാത്താപം ഉണ്ടാകുന്നില്ലെങ്കിൽ, അവന്റെ ഹൃദയത്തിൽ അല്ലാഹുവിനെകുറിച്ചുള്ള വിശ്വാസം ഉണ്ട് എന്നു പറഞ്ഞാൽ അതൊരത്ഭുതം തന്നെ! നമസ്ക്കാരം, ഒരുവനെ നിഷേധിയാക്കുന്നതിനുള്ള തടസ്സമാണ്, ദൈവദൂതൻ(സ) പറഞ്ഞു. നമ്മളും അവിശ്വാസകളും തമ്മിലുള്ള വ്യത്യാസം നാം നിർവ്വഹിക്കുന്ന നമസ്ക്കാരമാകുന്നു. ഏതൊരുവൻ നമസ്ക്കാരത്തെ അവഗണിക്കുന്നുവോ അവൻ അവിശ്വാസിയാകുന്നു (നസാഈ)

പരിശുദ്ധപ്രവാചകൻ(സ) പറഞ്ഞിരിക്കുന്നു അസ്ർ നമസ്ക്കാരം (മനഃപൂർവ്വം) നഷ്ടപ്പെടുത്തുന്നതാരാണോ, അവന് അവന്റെ കുടുംബവും വസ്തുവകകളും നഷ്ടപ്പെട്ടതുപോലെയാകുന്നു (ബുഖാരി)

അബ്ദുല്ലാ ഇബ്നു ശഖീഖ്(റ) പറഞ്ഞു. മുഹമ്മദ് മുസ്തഫ (സ) യുടെ അനുചരന്മാർ നമസ്ക്കാരം കയ്യൊഴിയുന്നതിനേക്കാൾ വലുതായ ഒരു അവിശ്വാസവും കണ്ടിട്ടില്ല (തിർമിദി)

ജാബിർ ഇബ്ന് അബ്ദുല്ലാ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രവാചകൻ(സ) പറഞ്ഞിരിക്കുന്നു. നമസ്ക്കാരം കയ്യൊഴിക്കലാണ് വിശ്വാസവും അവിശ്വാസവും തമ്മിൽ വേർതിരിക്കുന്ന ഘടകം (മുസ്ലിം)

ഹസ്രത് മുഹമ്മദ്(സ) വീണ്ടും പറയുന്നു. നിർബന്ധനമസ്ക്കാരം മനഃപൂർവ്വം കയ്യൊഴിയരുത്. മനഃപൂർവ്വം ഇതാരാണോ വേണ്ടാ എന്ന് വെയ്ക്കുന്നത്, അവന് അല്ലാഹുവിന്റെ സംരക്ഷണം ഉണ്ടായിരിക്കുന്നതല്ല (ഇബ്നു മാജ)

മറ്റൊരുവാക്കിൽ പറഞ്ഞാൽ, അവന് അല്ലാഹുവിന്റെ സംരക്ഷണം നഷ്ടമാകുന്നു. അല്ലാഹുമായുള്ള ബന്ധം അതോടെ മുറിഞ്ഞുപോകുന്നു. അവൻ വെള്ളമില്ലാത്ത ഒരു മത്സ്യത്തെപോലെ ആയിതീരുന്നു. അതുകൊണ്ട്, നിങ്ങൾക്ക് അല്ലാഹുവിന്റെ സംരക്ഷണം നഷ്ടമായാൽ, അവനുമായുള്ള ഉടമ്പടി, ഈ ലോകത്ത് നഷ്ടമായാൽ നിങ്ങൾക്ക് എങ്ങനെയാണ് ഈ ലോകത്ത് അഭിവൃദ്ധിപ്പെടുവാൻ കഴിയുക? അല്ലെയോ, ഇസ്ലാമിലെ സഹോദരന്മാരെ! സഹോദരിമാരെ! പാരത്രിക ലോകത്ത് നിങ്ങൾ അവിശ്വാസികളായി തീരുവാനാണോ ആഗ്രഹിക്കുന്നത്? ഈ ലോകത്ത് നിങ്ങൾ മുസ്ലിങ്ങളാണ് എന്ന സ്ഥാനപേര് വെയ്ക്കുകയും ചെയ്തിരിക്കുന്നു. പേരിൽ

മാത്രം മുസ്ലിംകൾ എന്നു മതിയോ?

നമസ്ക്കാരം നിർവ്വഹിക്കാത്തവർക്ക് എന്തു സംഭവിക്കുമെന്ന് ചിന്തിക്കുക. തീർച്ചയായും ഇവകൾ സംഭവിക്കുക തന്നെ ചെയ്യും. വിശുദ്ധഖുർആനിൽ, താഴെപറയുന്ന നിത്യനാശം/നിത്യനരകം ലഭിക്കുക തന്നെ ചെയ്യും. പിന്നീട് അവർക്ക് പിൻഗാമികളായി ഒരു തലമുറ വന്നു. അവർ നമസ്ക്കാരം പാഴാക്കുകയും ദേഹേച്ഛകളെ പിൻപറ്റുകയും ചെയ്തു. അതിനാൽ അവർ നാശം കണ്ടെത്തുന്നതാണ് (19:60)

ഇസ്ലാമിന്റെ ആഗമനത്തിനു മുൻപു വന്ന എല്ലാ പ്രവാചകന്മാരും നമസ്ക്കാരം നിർവ്വഹിച്ചിരുന്നു എന്ന കാര്യം നമുക്കോർമ്മിക്കാം. ഇബ്റാഹീം(അ) ന്റെ ഹൃദയസ്പർക്കായ ഈ പ്രാർത്ഥന വിശുദ്ധഖുർആനിൽ ആലേഖനം ചെയ്തിരിക്കുന്നത് തീർച്ചയായും ഇതിന്റെ തെളിവ് തന്നെയാണ്. എന്റെ നാഥാ! നീ എന്നെ നമസ്ക്കാരം നല്ല പോലെ നിർവ്വഹിക്കുന്നവനാക്കേണമെ! എന്റെ സന്തതികളിൽ നിന്നുമുള്ള എല്ലാ ഓരോരുത്തരെയും നമസ്ക്കാരം നല്ലപോലെ നിർവ്വഹിക്കുന്നവരാക്കേണമെ ഞങ്ങളുടെ നാഥ! എന്റെ പ്രാർത്ഥന സ്വീകരിച്ചാലും (14:41)

നമസ്ക്കാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ അല്ലാഹു(ത) നമ്മെ സഹായിക്കട്ടെ! അല്ലാഹുമായുള്ള അതിശക്തമായ ബന്ധം നമസ്ക്കാരത്തിലൂടെ കെട്ടിപ്പടുക്കുവാൻ നമ്മുടെ അവശേഷിക്കുന്ന ജീവിതത്തിൽ നമുക്ക് കഴിയട്ടെ! എന്റെ സഹോദരന്മാരെ, സഹോദരിമാരെ, പ്രീയ അനുചരന്മാരെ, നിങ്ങളുടെ ആത്മീയത ഉയർത്തുന്നത് നമസ്ക്കാരം അതുമാത്രമാകുന്നു. നമസ്ക്കാരം ഉപേക്ഷിക്കുന്നത് ഒരുതരം മരണമാണ്. ആയതിനാൽ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും അത്തരം ശാപമരണത്തിൽ നിന്നും സംരക്ഷിക്കുക ഇൻശാ അല്ലാഹ്! ആമീൻ.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 6238065545**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**